# ഗവ: എൽ. പി. സ്കൂൾ, ശൂരനാട് നടുവിൽ
# അക്കാദമിക മാസ്റ്റർ പ്ലാൻ.

**ആമുഖം:**

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം പൊതുവിദ്യാഭ്യാസ മേഖലയിലാകെ മാറ്റത്തിന്റെ ശംഖൊലി മുഴക്കിക്കൊണ്ട് മുന്നേറുകയാണ്. ഈ മാറ്റം സർവ്വാത്മനാ ഉൾക്കൊണ്ട് നമ്മുടെ സ്കൂളിന്റെ പ്രവർത്തനങ്ങളെ ചിട്ടപ്പെടുത്തുന്നതിനുള്ള ശ്രമത്തിലാണ് നാം. സാധ്യമായ ഏറ്റവും നല്ല വിദ്യാഭ്യാസം നമ്മുടെ മുഴുവൻ കുട്ടികൾക്കും ഉറപ്പാക്കുകയാണ് നമ്മുടെ ലക്ഷ്യം. 2025-26 അധ്യയന വർഷത്തെ മുന്നിൽ കണ്ടുകൊണ്ട് അക്കാദമിക മേഖലയിൽ നാം ഏറ്റെടുക്കാൻ പോകുന്ന പരിപാടികളുടെ രൂപരേഖയാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ.

**വിദ്യാലയ ചരിത്രം:** പോരിന്റെയും, വീറിന്റെയും ചരിത്രമുള്ള ശൂരന്മാരുടെ നാടായ ശൂരനാടിന്റെ ഒരു കരയായ നടുവിലേമുറി എന്ന ഗ്രാമഭൂമിക്ക് അക്ഷരവെളിച്ചം പകർന്നുനൽകിയ വിദ്യാലയമാണ് ശൂരനാട് നടുവിൽ ഗവ: എൽ. പി. സ്കൂൾ.

**വിദ്യാലയ പ്രൊഫൈൽ:**

പ്രീ-പ്രൈമറി മുതൽ അഞ്ചുവരെ ക്ലാസുകളിലായി 210- കുട്ടികളാണ് 2025-26 അധ്യയനവർഷം സ്കൂളിലുള്ളത്. ഹെഡ്മിസ്ട്രസ് ഉൾപ്പെടെ 8 - LPST-യും (അറബിക് ഉൾപ്പെടെ) 1-PTCM-ഉം, ഹിന്ദിക്കും, work experience ആഴ്ചയിൽ ഒരു ദിവസം 2- ടീച്ചർമാരും സ്കൂളിൽ സേവനം ചെയ്യുന്നു. പ്രീ-പ്രൈമറിയിൽ 2- അധ്യാപികമാരും ഒരു ആയയും സേവനമനുഷ്ഠിക്കുന്നു. ഈ വർഷം പ്രീ-പ്രൈമറി കുട്ടികളുടെ എണ്ണം — 48.

## വികസന ലക്ഷ്യങ്ങളും, മേഖലകളും.

### പൊതുലക്ഷ്യങ്ങൾ:

* പ്രവേശിപ്പിക്കപ്പെടുന്ന മുഴുവൻ കുട്ടികളുടെയും എല്ലാവിധ കഴിവുകളും വികസിപ്പിക്കുന്നതിന് അവസരം സൃഷ്ടിക്കുക.
* വിദ്യാലയത്തിന്റെ പുരോഗതിയിൽ തല്പരരായ ജനങ്ങളുടെയും പിന്തുണ ലഭ്യമാക്കി സമഗ്രവികസനം സാധ്യമാക്കുക.
* ഹരിത-സൗഹൃദ, ശുചിത്വസൗഹൃദ, പ്ലാസ്റ്റിക് വിമുക്തവിദ്യാലയം എന്ന ആശയം പൂർണമായ അർത്ഥത്തിൽ നടപ്പിലാക്കുക
* വിദ്യാലയത്തെ അറിവിന്റെ കേന്ദ്രമാക്കി മാറ്റുക.
* എല്ലാ കുട്ടികളെയും മാതൃഭാഷ അനായാസം കൈകാര്യം ചെയ്യുന്നതിന് പ്രാപ്തരാക്കുക. [സർഗാത്മക രചനകളിൽ ഏർപ്പെടുക, തങ്ങളുടെ ആശയങ്ങൾ ലിഖിതമായും, വാചികമായും, പ്രകടിപ്പിക്കുന്നതിന് പ്രാപ്തരാക്കുക, സ്വതന്ത്ര വായനക്കാരാകും, വായിച്ചറിഞ്ഞവ ക്രോഡീകരിച്ച് അവതരിപ്പിക്കുന്നതിനും പ്രാപ്തിയുള്ളവരാക്കുക]
* ഇംഗ്ലീഷ് ഭാഷയിൽ അനായാസം ആശയവിനിമയം നടത്തുന്നതിന് മുഴുവൻ കുട്ടികളെയും പ്രാപ്തരാക്കുക.
* ദൈനംദിന ജീവിത പ്രശ്നങ്ങൾ പരിഹരിക്കാൻ സഹായിക്കും വിധം കുട്ടികളിൽ ഗണിതശേഷി വികസിപ്പിക്കുക.
* കുട്ടികളിൽ ശാസ്ത്രാഭിരുചിയും ഗവേഷണാത്മകതയും വളർത്തും വിധം ശാസ്ത്രപഠനം ചിട്ടപ്പെടുത്തുക
* കലാവിദ്യാഭ്യാസം, കായിക വിദ്യാഭ്യാസം, പ്രവൃത്തി-പരിചയ അനുഭവങ്ങൾ കുട്ടികൾക്ക് നൽകുക.

കുട്ടികളുടെ പ്രതിഭകളെ കണ്ടെത്തുന്നതിനും, പരിപോഷിപ്പിക്കുന്നതിനും ഉതകും വിധം പ്രവർത്തനങ്ങൾ ഒരുക്കുന്നു.

* പ്രീ-പ്രൈമറി വിദ്യാലയം ശക്തിപ്പെടുത്തുക. [illegible] വിദ്യാർത്ഥികളുടെ, [illegible] കുട്ടികളുടെ പഠന പ്രവർത്തനങ്ങൾ നിരീക്ഷണ ചെയ്യുന്നതിന് ആവശ്യമായ പ്രവർത്തനങ്ങളും ചെയ്യുക.
* സാങ്കേതിക പരിജ്ഞാനത്തോടെ സ്കൂളിന്റെ സമ്പൂർണ്ണ അക്കാദമിക പുരോഗതി ലക്ഷ്യമിടുന്നു.
* നിലവാരമുള്ള ഭൗതിക സാഹചര്യവും, വിദ്യാലയ പഠനത്തിലെയും ഉറപ്പു വരുത്തുന്നു.

നിലവിലെ അക്കാദമിക നിലവാരം – അവസ്ഥാവിശകലനം.

ഒന്നാം ക്ലാസ് – 2025–26 അധ്യയനവർഷത്തിൽ ഒന്നാം ക്ലാസിൽ പ്രവേശനം നേടിയത് 35-പേരാണ്. സ്കൂൾ തുറന്ന് ആദ്യ ആഴ്ചയിൽ തന്നെ പുതിയ കുട്ടികളുമായി പഠനം നടത്തി. ഇതിൽ അക്ഷരങ്ങൾ തിരിച്ചറിയാൻ കഴിയാത്ത കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകി. നിരന്തര വിലയിരുത്തൽ നടത്തി. രക്ഷിതാക്കളുമായി ഉറ്റബന്ധം സ്ഥാപിച്ചുകൊണ്ട് ഈ പ്രശ്നത്തിന് പരിഹാരം കണ്ടെത്താനാണ് ശ്രമം മുന്നേറുന്നതും, കൂടാതെ വായനയെ പ്രോൽസാഹിപ്പിക്കുന്നതിനായി കുട്ടികൾക്ക് വായനാ സാമഗ്രികൾ തയ്യാറാക്കുന്നുണ്ട്. കുട്ടികൾ വരച്ച ചിത്രങ്ങൾ സംയോജിപ്പിച്ചുകൊണ്ട് ചിത്രപതിപ്പ് തയ്യാറാക്കൽ. വായനയെ പ്രോൽസാഹിപ്പിക്കുന്നതിനായി 1-മുതൽ 5 വരെ ക്ലാസുകളിൽ 'ചുവടി' – പുസ്തകച്ചുമർ സ്ഥാപിച്ചു. ഓരോ ആഴ്ചയിലും 2 – പുസ്തകങ്ങൾ വീതം പ്രദർശിപ്പിക്കുക. അതിലെ ഉള്ളടക്കം ചെറുകുറിപ്പായി പുസ്തകത്തിലെഴുതുക.

കുട്ടികൾ ഈ രണ്ട് പുസ്തകങ്ങളും കണ്ട് അവയുടെ മുൻ പുറംചട്ടയിലെ ചിത്രങ്ങളും, എഴുത്തുകാരും മനസ്സിൽ പതിയുന്നു. ആവശ്യക്കാർക്ക് കുറിപ്പ് വായിക്കുകയും പുസ്തകം എടുത്ത് നോക്കി തിരിച്ചുവയ്ക്കുകയും ചെയ്യാം. അടുത്ത ആഴ്ച ഇത് മാറ്റി പുതിയ 2 - പുസ്തകങ്ങൾ ചുവടിൽ വയ്ക്കുന്നു.

ഇനി ഇംഗ്ലീഷ് പക്ഷം വരുന്നത് നടപ്പാക്കുന്ന കാര്യങ്ങൾ

* പരമാവധി Action words, rhymes എന്നിവ പരിചയപ്പെടു-ത്തുന്നതിനായി 'Word of the day' എന്ന പരിപാടി എല്ലാ ദിവസവും ഉച്ചക്ക് 1:20 മുതൽ 1:50 വരെ നടത്തുന്നു.
* ചോദ്യങ്ങളും, നിർദ്ദേശങ്ങളും മനസ്സിലാക്കിക്കൊണ്ട് ഇംഗ്ലീഷിൽ തന്നെ പ്രതികരിക്കുക.
* Colour - നെ പറ്റി ബോധ്യമുണ്ടാക്കുക.
* flowers, birds, Animals, family, vehicles, etc എന്നിവയുമായി ബന്ധപ്പെട്ട് ചെറുവാക്യങ്ങൾ ഉപയോഗിക്കുക, അവയെ describe ചെയ്യുക.
* Simple way-യിൽ Communicate ചെയ്യുക.
* സ്വന്തമായി നാലുവരി English കവിത എഴുതുക.
* സ്വന്തമായി English കുട്ടിക്കഥകൾ വായിക്കുക.
* ഒരു Passage വായിച്ച് ചോദിച്ചിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.

രണ്ടാം ക്ലാസ്സ്: 1, 2, ക്ലാസ്സുകളിൽ കിട്ടേണ്ട അടിസ്ഥാനശേഷി-യാണ് ഭാഷ, ഗണിതം, പരിസരപഠനം എന്നീ വിഷയങ്ങളിലെ (പോൾ ഞങ്ങൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്. അതിനാൽ ഈ ക്ലാസ്സുകളിലെ ഉള്ളടക്കം ലളിതമായി ഈ രീതിയിൽ ക്രമീകരിക്കുന്നു-

വാചികവും, ലിഖിതവുമായ ശേഷികളുടെ വികാസത്തിൽ പ്രാഥമികഘട്ടത്തിൽ നിൽക്കുന്ന കുട്ടികളായാൽ ശ്രവണം, ഭാഷണം, ലേഖനം, ലിപി വിന്യാസത്തിന്റെ സവിശേഷതകൾ തിരിച്ചറിയൽ, ഉച്ചാരണ വ്യക്തതയോടുകൂടെ വായന, ശരിയായ അക്ഷരബോധം, രചനയിലെ വളർച്ച എന്നിവ ഭാഷാശേഷികളുടെ പ്രാഥമിക ഘട്ടങ്ങളായി ശരിക്കും പരിഗണിക്കണം. 2-ാം ക്ലാസ്സിൽ 32 കുട്ടികളുണ്ട്. തുടക്കത്തിൽ 17 കുട്ടികൾക്ക് വായിക്കുവാൻ വളരെ പ്രയാസമായിരുന്നു. ഇങ്ങനെയുള്ള കുട്ടികളെ ഭാഷയിൽ ചിഹ്നങ്ങളും, അക്ഷരങ്ങളും തിരിച്ചറിയുന്ന രീതിയിൽ ചിഹ്നങ്ങളുടേയും, അക്ഷരങ്ങളുടേയും വ്യത്യാസം തിരിച്ചറിഞ്ഞ് കൂട്ടുകൾ വാക്കുകളും, വാക്യങ്ങളും വായിക്കുകയും, എഴുതുകയും ചെയ്തുകൊണ്ടിരിക്കുന്നതിലൂടെ, ചിഹ്നങ്ങളും, അക്ഷരങ്ങളും മനസ്സിൽ ഉറപ്പിക്കാൻ കൂടുതലായി ശ്രമിക്കുന്നുണ്ട്. കൂടാതെ പിന്നാക്കം നിൽക്കുന്ന കുട്ടികളുടെ രക്ഷിതാക്കളുമായി നിരന്തരം ബന്ധപ്പെട്ടിരിക്കുന്നതുകൊണ്ട് കുട്ടികളിൽ മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുന്നു. ഇതു കൂടാതെ വായനാ സാമഗ്രികൾ വീട്ടിൽ കൊടുത്തുവിടുകയും അത് വ്യക്തമായി വായിച്ച് അതിൽ നിന്നും നിർദ്ദേശിക്കപ്പെട്ട പ്രവർത്തനങ്ങൾ കുട്ടികളെക്കൊണ്ട് തന്നെ കണ്ടെത്തി എഴുതിക്കുകയും ചെയ്യുന്നു. ഈ പ്രവർത്തനങ്ങൾ ഇപ്പോഴും തുടരുന്നു.

ഇതു കൂടാതെ വ്യത്യസ്ത നിലവാരത്തെ വായന പരിശീലിപ്പിക്കാൻ മുന്നാക്കത്തെ ഉപയോഗിക്കുന്നു. ടീച്ചർ വായിച്ചു കൊടുക്കുന്നു. ഇതുപോലെ ഗണിതത്തിലും സംഖ്യകളെ വായിക്കുന്നതിനും, എഴുതുന്നതിനും, സങ്കലനക്രിയകൾ ചെയ്യുന്നതിനും അക്കസംഖ്യകൾ കാണുന്നു, 10-ന്റെ

കൂട്ടങ്ങളായി ഒന്നുകൾ ചേർന്നു കിടക്കുന്ന സംഖ്യ എഴുതുവാനും, വായിക്കുവാനും, വിവിധ പാറ്റേണുകൾ രൂപീകരിക്കുവാനും, അവയുടെ രീതി വിശദീകരിക്കുവാനും, സംഖ്യകളെ ക്രമീകരിക്കൽ, താരതമ്യം ചെയ്യൽ, പാറ്റേൺ ബന്ധം കണ്ടെത്തൽ, പ്രായോഗിക പ്രശ്നങ്ങൾ അപഗ്രഥിച്ച് നിർധാരണം ചെയ്യുന്നതിനുള്ള കഴിവ് എന്നിവ ഗണിത ശേഷികളുടെ പ്രാഥമിക ഘട്ടങ്ങളായി പരിഗണിക്കേണ്ടതാണ്.

ഇതുപോലെ ശാസ്ത്ര വിഷയത്തിലും ഓരോ ആശയ രൂപീകരണത്തിലും കുട്ടി നേടിയ ആശയ ധാരണകൾ പ്രകടിപ്പിക്കുന്ന ശേഷികൾ എന്നിവ പരിഗണിക്കേണ്ടതുണ്ട്.

ഗണിതത്തിൽ കുട്ടികളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനായി ഗണിത കിറ്റുകളായ കമ്പുകൾ, മഞ്ചാടി, പുളിങ്കുരു, മുത്ത്, വെള്ളാരം കല്ല്, സ്ട്രോ എന്നീ സാധനസാമഗ്രികളുമായി ബന്ധപ്പെടുത്തി മുന്നൊരുക്കങ്ങളോടെ ക്ലാസുകൾ ഇപ്പോഴും നടന്നുകൊണ്ടിരിക്കുന്നു.

മൂന്നാം ക്ലാസ്: ഈ അധ്യയന വർഷം 3-ാം ക്ലാസിൽ 32 കുട്ടികളാണുള്ളത്. 2-ാം ക്ലാസിൽ നിന്നെത്തിയ 5-ഓളം കുട്ടികൾ മലയാളം വായിക്കുന്നതിൽ വളരെയധികം ബുദ്ധിമുട്ട് നേരിടുന്ന അവസ്ഥയായിരുന്നു. മറ്റു കുട്ടികളിൽ കുറേപേർ നല്ല ഒഴുക്കോടുകൂടി വായിക്കുന്നവരും, ബാക്കിയുള്ളവർ വായനയിൽ ചില ബുദ്ധിമുട്ടുകൾ നേരിടുന്നവരുമായിരുന്നു. ലേഖനത്തിന്റെ കാര്യത്തിൽ മുന്നോക്കക്കാരായ കുട്ടികളിൽ പോലും ചിഹ്നത്തിൽ പ്രശ്നങ്ങൾ നേരിടുന്നതായി കണ്ടു. അധ്യയന വർഷാരംഭത്തിൽ തന്നെ കുട്ടികളുടെ അവസ്ഥ വിശകലനം ചെയ്യുകയും

പരിഹാര പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും ചെയ്തു. മുഴുവൻ കുട്ടികളെയും ഒന്നാം വായനക്കാരാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ വായനാപോഷണത്തിനായുള്ള ചില പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകി. മലയാളത്തിളക്കം എന്ന പരിഹാരബോധന പ്രവർത്തനം നടത്തി. വീഡിയോ ചിത്രങ്ങൾ, വായനാകാർഡുകൾ ഇവ ഉപയോഗിച്ച് കുട്ടികളിലെ വായന-ലേഖന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ശ്രമ-ത്തിലാണ് ഇത്. ദൈനംദിന അനുഭവങ്ങൾ പറയാനായി കുട്ടികൾക്ക് ലഭിക്കുന്നതിനുള്ള അവസരങ്ങൾ ഒരുക്കി. കഥകളും പാട്ടുകളും ഭാവാത്മകമായി വായിച്ച് അവതരിപ്പിക്കാൻ കുട്ടികളെ പ്രാപ്ത-രാക്കുക എന്ന ലക്ഷ്യത്തോടുകൂടിയുള്ള പ്രവർത്തനങ്ങൾ ചെയ്തുവരുന്നു.

നാലാം ക്ലാസ്: 2025-26 അധ്യയന വർഷം 4-ാം class-ൽ 41- കുട്ടികളാണുള്ളത്. വ്യത്യസ്ത ജീവിത സാഹചര്യ-ങ്ങളിൽ നിന്നു വരുന്ന പഠിതാക്കളുടെ അനുഭവതലം, കഴിവ്, അറിവ്, താൽപര്യം എന്നിവ വ്യത്യസ്തമാണ്. ഈ വൈവിധ്യത്തെ ഉൾക്കൊണ്ട്, വ്യക്തി വ്യത്യാസത്തെ പരിഗണിച്ചുകൊണ്ട് പഠനാനുഭവങ്ങൾ ഒരുക്കുകയെന്നതാണ് പ്രധാനം. ഓരോ class-ലും, പഠനത്തിന്റെ ഒടുവിൽ കുട്ടി നേടേണ്ട അറിവ്, ശേഷികൾ, മൂല്യങ്ങൾ, മനോഭാവങ്ങൾ എന്നിവ നേടിയിട്ടുണ്ടോ എന്ന് വിലയിരുത്താറുണ്ട്. കുട്ടികൾക്ക് പരമാവധി പാഠഭാഗത്ത് ലഭിക്കും വിധം ഗോപ്യമായും ഇംഗ്ലീഷ് മാധ്യമം പരിഗണിച്ചാണ് ഒരു English class-ഉം തുടങ്ങി പോരുന്നത്.

8

## കോർണർ പഠനോത്സവം

ലക്ഷ്യം:

1. വിദ്യാലയ മികവുകൾ സമൂഹത്തെ അറിയിക്കുന്നതിന്
2. വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ പ്രായോഗികതലം പ്രാദേശിക സമൂഹവുമായി പങ്കിടുന്നതിന്
3. ഭാവിയിൽ വിദ്യാലയത്തിലെത്തേണ്ട കുട്ടികളുടെ രക്ഷിതാക്കൾക്ക് പൊതുവിദ്യാഭ്യാസത്തിന്റെ മേന്മ മനസ്സിലാക്കുന്നതിന്.

പ്രവർത്തനങ്ങൾ:

1. വിദ്യാലയ പരിധിയിലുള്ള പ്രദേശങ്ങൾ കണ്ടെത്തി കോർണർ പഠനോത്സവങ്ങൾ നടത്താനുള്ള കേന്ദ്രങ്ങൾ സജ്ജീകരിക്കൽ.
2. കോർണർ പഠനോത്സവങ്ങളിൽ അവതരിപ്പിക്കേണ്ട ഇനങ്ങൾ എസ്. ആർ. ജി യോഗത്തിൽ നിശ്ചയിക്കൽ
3. പ്രാദേശിക സംഘാടകസമിതി രൂപീകരിക്കൽ.

## സ്കൂൾ വാർഷികം:

1. സ്കൂൾ വാർഷികം സമൂഹത്തിന്റെ മൊത്തം ആഘോഷമാക്കി മാറ്റുന്ന വിധം അനുബന്ധ പരിപാടികളോടെ നടത്തുക
2. വിദ്യാലയത്തെക്കുറിച്ച് സമൂഹം ഗൗരവമായി ചിന്തിക്കുന്നതിനുള്ള അവസരമാക്കും വിധം വിവിധ സ്ഥാപനങ്ങളെയും വ്യക്തികളെയും വാർഷികവുമായി ബന്ധിപ്പിക്കൽ

## വികസനപദ്ധതി തയ്യാറാക്കൽ:

1. ഓരോ വർഷവും ശില്പശാല നടത്തി വരും വർഷത്തെ വിവിധ വികസന മേഖലകളിലെ പ്രവർത്തന പദ്ധതി തയ്യാറാക്കൽ.
2. പഞ്ചായത്ത്, മറ്റ് ജനപ്രതിനിധികൾ എന്നിവരിൽനിന്ന് സഹായം വേണ്ട മേഖലകളിൽ നിവേദനം നൽകൽ

നേട്ടങ്ങൾ

3. പ്രാദേശിക സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് വിദ്യാലയ വികസനത്തിനുള്ള വിഭവസമാഹരണം.

4. വിദ്യാലയത്തിന്റെ ഉന്നതനിലവാരം സമൂഹത്തെ അറിയിക്കൽ

ദിനാചരണങ്ങൾ: പ്രവേശനോത്സവം നാടിന്റെ ഉത്സവമാക്കി മാറ്റൽ. നവാഗതരെ ആനയിക്കൽ. സൗജന്യ യൂണിഫോം, പഠനോപകരണങ്ങൾ എന്നിവ സ്പോൺസർ ചെയ്ത് പ്രവേശ-നോത്സവദിനത്തിൽ വിതരണം നടത്തൽ. എല്ലാ വർഷവും ഓരോ ദിനാചരണങ്ങളിലും സമൂഹപങ്കാളിത്തത്തോടെ നടത്തൽ.

GOVT. L.P.S. SOORANAD NADUVIL
Date

MINI. O
HEADMISTRESS
GOVT. L.P.S. SOORANAD NADUVIL